# തൂലിക

Newsletter of
Jesus Youth
Dubai

Issue. 413
26 December 2014



തൂലിക
ജീസസ്സ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താ പത്രിക

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ക്രിസ്തു നമ്മെ കടന്നുപോകാൻ ഇടയാക്കരുത് | 4 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 6 |
| യുകാറ്റ് കോർണർ | 7 |
| ഹൃദിസ്ഥമാക്കാൻ ഒരു വചനം | 7 |
| നുറുങ്ങു ചിന്തകൾ | 8 |
| അറിയിപ്പുകൾ | 10 |




http://thoolikaa.org

http://thoolikaa.net

**കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ**
**വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.**
**നിൻെറ അധ്വാനഫലം നീ അനുഭവിക്കും ;**
**നീ സന്തുഷ്ടനായിരിക്കും; നിനക്കു നൻമ വരും.**
സങ്കീർത്തനങ്ങൾ 128:1,2

## മൊഴിമുത്തുകൾ

**മറിയം മനുഷ്യവംശത്തിലെ ഏറ്റവും വാത്സല്യം നിറഞ്ഞ അമ്മയാണ്.**
**അവൾ പാപികളുടെ അഭയകേന്ദ്രമാണ്.**

വിശുദ്ധ അൽഫോൺസ് ലിഗോരി

# ഒരു വിടപറയൽ

ക്രിസ്തുമസ്സ് ആഘോഷങ്ങളെല്ലാം കഴിഞ്ഞു. ഇനി പുതുവർഷത്തെ വരവേൽക്കുവാനുള്ള തയ്യാറെടുപ്പാണ്. പലതും നമ്മുടെ ജീവിതത്തിൽ ഈ വർഷം സംഭവിച്ചിട്ടുണ്ട് – പ്രതീക്ഷിച്ചവയും അപ്രതീക്ഷിതമായി വന്നു ചേർന്നതും.


2014 ന്റെ തുടക്കത്തിൽ നമുക്കു പല പ്രതീക്ഷകളും ഉണ്ടായിരുന്നിട്ടുണ്ടാവും. എന്നാൽ അവ മുഴുവൻ സഫലീകൃതമായിട്ടുണ്ടാകണമെന്നില്ല. അതുപോലെ നാം പ്രതീക്ഷിക്കാത്ത പലതും നമ്മുടെ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടാകും. ദുഃഖങ്ങളാണെങ്കിൽ കൂടി, നമുക്കു സഹിക്കാൻ കഴിയുന്നവയായിട്ടാണ് ദൈവം നമ്മുടെ ജീവിതത്തിലൂടെ അവയെ കടത്തി വിട്ടത്. അങ്ങിനെ നിരവധി. ഇതിനിടയിൽ നാം ചിന്തിക്കേണ്ട ഒരു വസ്തുതയുണ്ട്. ദൈവം ആഗ്രഹിക്കുന്ന രീതിയിലായിരുന്നോ നാം 2014 ൽ ജീവിച്ചത് എന്നത്. കാരണം, നമ്മുടെ ആഗ്രഹങ്ങൾ സഫലീകരിക്കുന്ന രീതിയിലായിരിക്കാം പലപ്പോഴും നാം ജീവിച്ചതും പ്രയത്നിച്ചതും.

പുതിയ വർഷത്തിലേക്ക് കടക്കുവാൻ തയ്യാറെടുക്കുമ്പോൾ നമുക്കൊരു പ്രതിജ്ഞയെടുക്കാം. പുതിയ വർഷത്തിൽ ദൈവത്തിന്റെ ഹിതത്തോടു യോജിച്ചു കൊണ്ട് നമ്മുടെ ജീവിതം കൊണ്ടു പോകാം എന്ന്. ജീവിതത്തിലെ ചെറുതും വലുതുമായ ഓരോ കാര്യങ്ങളിലും ദൈവത്തോട് തീരുമാനങ്ങൾ ചോദിച്ചു കൊണ്ട് മുന്നോട്ടു പോകുവാൻ നമുക്കു മനസ്സുണ്ടാകട്ടെ. **ദൈവം ഒരു വർഷം കൂടി നമ്മുടെ ജീവിതത്തിലേക്ക് നൽകിയിരിക്കുകയാണ് – ഫലങ്ങളുണ്ടാകുവാൻ**.

എഡിറ്റോറിയലിന്റെ തലക്കെട്ട് വിടപറയൽ എന്നാക്കിയതിനും ഒരു കാരണമുണ്ട്. കഴിഞ്ഞ 3 വർഷവും 9 മാസവും തൂലികയുടെ പ്രവർത്തനങ്ങളുടെ ഭാഗമാകുവാനും എഡിറ്റോറിയൽ എഴുതുവാനും ഇടയാക്കിയതിൽ ദൈവത്തോടും ജീസസ്സ് യൂത്തിന്റെ മലയാളം ടീമിനോടും നന്ദി പറയുന്നു. ഇതിന്റെ പിന്നിൽ നിന്നുകൊണ്ട് ഞങ്ങൾക്കെല്ലാം പ്രചോദനം നൽകിയ, ആനിമേറ്ററായിരുന്ന ഷാജി ചേട്ടനും കുടുംബത്തിനും, കോർഡിനേറ്ററായിരുന്ന വിപിനും കുടുംബത്തിനും, ഇതിന്റെ പിന്നിൽ പ്രത്യക്ഷമായും പരോക്ഷമായും പ്രവർത്തിക്കുന്ന ഓരോരുത്തരോടും വായനക്കാരോടും നന്ദി പറയുന്നു. ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും നന്മകളും ആശംസകളും നേർന്നു കൊള്ളുന്നു. നിങ്ങളുടെ പ്രാർത്ഥനകളിൽ ഓർക്കുക. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം...
**ആന്റിജോയ് ഒളാട്ടുപുറത്ത്**
9715O-963-4017



പാപ്പാ സന്ദേശം

പാപ്പാ ഫ്രാൻസീസ്

# ക്രിസ്തു നമ്മെ കടന്നുപോകാൻ ഇടയാക്കരുത്

മറിയത്തിനു ദൈവദൂതൻ നല്കിയ ദിവ്യസന്ദേശത്തെക്കുറിച്ച് അല്ലെങ്കിൽ മംഗലവാർത്തയെക്കുറിച്ച് നമുക്ക് ധ്യാനിക്കാം. ലോക രക്ഷകനായ ക്രിസ്തുവിന്റെ അമ്മയാകും താൻ എന്ന സദ്വാർത്ത 'ദൈവിക പ്രഭാവം' എന്നർത്ഥം വരുന്ന ഗബ്രിയേൽ ദൂതൻ മറിയത്തെ അറിയിക്കുന്നതാണ് ഈ അനുസ്മരണത്തിന്റെ പൊരുൾ. **'നീ ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കും. അവന് യേശുവെന്ന് പേരിടണം. അവൻ വലിയവനായിരിക്കും, അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടും'** (ലൂക്ക 1: 31:32) ഇതാണ് മറിയം സ്വീകരിച്ച മംഗലവാർത്ത. ദൈവഹിതത്തിന് സമ്മതം മൂളിയ നസ്രത്തിലെ കന്യകയുടെ വ്യക്തിത്വത്തിലേയ്ക്കു നമുക്കൊന്ന് എത്തിനോക്കാം. ക്രിസ്തുവിന്റെ ജനനത്തിന് അല്ലെങ്കിൽ ആസന്നമാകുന്ന ക്രിസ്തുമസ്സിന് ഒരുങ്ങുവാൻ നമ്മെ സഹായിക്കുന്ന രണ്ടു കാര്യങ്ങളാണ് പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നത്.

**മറിയത്തിന്റെ വിശ്വാസം** ആദ്യമായി മറിയത്തിന്റെ ആഴമായ വിശ്വാസമാണ് മംഗലവാർത്തയിൽ ശ്രദ്ധേയമാകുന്നത്. മനസ്സാ വാചാ കർമ്മണാ ദൈവഹിതത്തോട് സമ്പൂർണ്ണമായും സഹകരിച്ച മറിയത്തിന്റെ മനോഹരവും നിർമ്മലവുമായ വ്യക്തിത്വം അനുകരണീയമാണ്. **'ഇതാ, കർത്താവിന്റെ ദാസി അങ്ങേ ഹിതം പോലെ എന്നിൽ എല്ലാം നിറവേറട്ടെ,'**എന്ന് ദൈവദൂതനോട് പ്രത്യുത്തരിച്ചു കൊണ്ടാണ് തന്റെ വിശ്വാസം മറിയം വെളിപ്പെടുത്തുന്നത്. താൻ നല്കുന്ന സമ്മതത്തിലൂടെ, പിന്നെ ഏതു വഴിയെയാണ് സഞ്ചരിക്കേണ്ടതെന്നോ, അതിൽ ഉൾച്ചേർന്നിരിക്കുന്ന വരും വരായ്കകളോ, വേദനകളോ അവൾ കണക്കാക്കാതെ, ദൈവഹിതത്തിന് സമ്മതം മൂളുന്നു. ദൈവത്തിന് തന്നെത്തന്നെ പൂർണ്ണമായും സമർപ്പിക്കുന്നു. സമ്പൂർണ്ണമായ സ്നേഹ സമർപ്പണമാണ് മറിയത്തിന്റേത്. ഇതാണ് നമുക്ക് മാതൃകയാക്കാവുന്ന വിശ്വാസം.

**ദൈവകരം കാണുവാനുള്ള കഴിവ്.** രണ്ടാമതായി, കാലത്തികവിലും ചരിത്രത്തിലും ദൈവകരം കാണുവാനുള്ള മറിയത്തിന്റെ കഴിവാണ് നാം മനസ്സിലാക്കേണ്ടത്. പൗലോസ് അപ്പസ്തോലൻ വിവരിക്കുന്നതു പോലെ, 'യുഗങ്ങളുടെ നീണ്ട നിശ്ശബ്ദതയിൽ ഒളിഞ്ഞിരിക്കുന്ന ദൈവികരഹസ്യവും പദ്ധതിയും മേരിയുടെ വിനീതവും ധീരവുമായ സമ്മതത്തിലാണ് ലോകത്ത് സാദ്ധ്യമായത്' (റോമാ 16, 25). മനുഷ്യാവതാരം അങ്ങനെയാണ് ലോകത്ത് യാഥാർത്ഥ്യമാകുന്നത്. ദൈവം നമ്മിലേയ്ക്കു കടന്നുവരുന്ന അനുയോജ്യമായ സമയത്ത് എങ്ങനെ ഉദാരമായും ഉചിതമായും അവിടുത്തോട് പ്രത്യുത്തരിക്കണം, പ്രതികരിക്കാമെന്ന് മേരി മനസ്സിലാക്കിത്തരുന്നു. അതുപോലെ.... ക്രിസ്തു നമ്മിലേയ്ക്ക് വരുന്നു!

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ചരിത്രത്തിൽ ബത്‌ലഹേമിൽ നടന്ന സംഭവമാണ് വീണ്ടും ക്രിസ്തുമസ്സിൽ ആരാധനക്രമത്തിലൂടെ നാം അയവിറക്കുന്നത്, ആവർത്തിച്ച് അനുഷ്ഠിക്കുന്നത്. നസ്രത്തിലെ കന്യകയുടെ ഉദരത്തിൽ ഉരുവായ ദൈവവചനം, ഇതാ, വീണ്ടും ക്രിസ്തുമസ്സിൽ നമ്മിലേയ്ക്കു വരുന്നു, നമ്മുടെ

ഹൃദയകവാടങ്ങളിൽ ക്രിസ്തു വീണ്ടും മുട്ടുന്നു. ദൈവിക സ്നേഹത്തോടും കാരുണ്യത്തോടും വ്യക്തി ഗതമായും ആത്മാർത്ഥമായും പ്രതികരിച്ച മറിയത്തെപ്പോലെ പ്രത്യുത്തരിക്കുകയാണ് ക്രൈസ്തവരായ നമ്മുടെ വെല്ലുവിളിയും, ഈ ക്രിസ്തുമസ്സിൽ നാം ചെയ്യേണ്ടതും. ക്രിസ്തു നമ്മുടെ ജീവിതത്തിലേയ്ക്കു പലവട്ടം കടന്നുവരുന്നുണ്ട്. അവിടുന്ന് ദൂതന്മാരെ അയയ്ക്കുന്നുണ്ട്. മറിയത്തിന്റേതുപോലുള്ള സമ്മതം പ്രതീക്ഷിച്ചുകൊണ്ട് നമ്മുടെ ഹൃദയകവാടങ്ങളിൽ ദൈവം വന്നു മുട്ടുന്നുണ്ട്. എന്നാൽ നാം അതൊന്നും അറിയുന്നില്ല. നമ്മുടേതായ ജോലികളിലും ജീവിത ബദ്ധപ്പാടുകളിലും മുഴുകിപ്പോവുകയാണ് നാം. ക്രിസ്തുമസ്സ് ഒരുക്കങ്ങളുടെ ബാഹ്യമായ തിക്കിലും തിരക്കിലുമാണ് ഇപ്പോൾ നാം ജീവിക്കുന്നത്. ഏതോ വിശുദ്ധൻ പറഞ്ഞിട്ടുള്ളതുപോലെ, 'എന്റെ ഭീതി, ദൈവമായ കർത്താവ് എന്നെ കടന്നു പോകും,' എന്നാണ്. അദ്ദേഹത്തിന്റെ ഭീതിക്കു കാരണമെന്താണ്?

അശ്രദ്ധമായ എന്റെ ജീവിതത്തിൽ, ഞാൻ അറിയാതെ ദൈവം കടന്നു പോകുമോ, എന്നാണ്. നന്മ ചെയ്യുവാനുള്ള തൃഷ്ണ, തീവ്രമായ ആഗ്രഹം നമ്മുടെ ഹൃദയാന്തരാളത്തിലുണ്ട്... എന്നിട്ടും ഞാൻ അതു ചെയ്തല്ലോ, ഇതു ചെയ്തല്ലോ.....വീണുപോയല്ലോ!! എന്നുള്ള ചിന്തകൾ എന്റെ മനസ്സിലേയ്ക്ക് കടന്നുവരുന്നു. അങ്ങനെ ദൈവം എന്റെ അടുത്തുവരുമ്പോൾ, നന്മചെയ്യുവാനും...എന്റെ സഹോദര ങ്ങളുടെ അടുത്തായിരിക്കുവാനും, അങ്ങനെ ദൈവത്തോടുതന്നെ ചേർന്നിരിക്കുവാനുമുള്ള അഗ്രഹം ഉണരുന്നുണ്ട്. ഉണ്ടെങ്കിൽ അത് അവഗണിക്കരുത്. പാപസങ്കീർത്തനം നടത്തി, കുമ്പസാരിച്ച്, മനഃശുദ്ധി വരുത്തി നമ്മിലേയ്ക്കു കടന്നുവരുന്ന ദൈവത്തെയും, അങ്ങനെ നമ്മുടെ സഹോദരങ്ങളെയും ഈ ക്രിസ്തുമസ്സിൽ സ്വീകരിക്കാം.

നമ്മിൽ ഉണരുന്ന ഈ ദൈവികസ്പന്ദനത്തെ അവഗണിക്കരുത്, നമ്മുടെ ഹൃദയകവാടത്തിൽ മുട്ടുന്ന ക്രിസ്തു കടന്നുപോകുവാനോ, അവഗണിക്കപ്പെടുവാനോ ഇടയാക്കരുത്. ശ്രദ്ധിക്കുകയാണെങ്കിൽ, മറിയത്തോടൊപ്പം ഈ ദിവസങ്ങളിൽ എവിടെയും കാണുന്ന, പുല്ക്കൂട്ടിലും കാണുന്ന അപൂർവവും നിശ്ശബ്ദവുമായ വ്യക്തിത്വം ജോസഫിന്റേതാണ്. അവാച്യമായ സ്നേഹത്തോടെ ദൈവം നമ്മോടൊത്തു വസിച്ച യാഥാർത്ഥ്യത്തിൽ... ദൈവപുത്രനായ ക്രിസ്തുവിനെ ജീവിതത്തിൽ പൂർണ്ണമായും ഉൾക്കൊള്ളുവാൻ നമ്മെ സഹായിക്കുന്ന രക്ഷാകര ചരിത്രത്തിലെ രണ്ടു വ്യക്തിത്വങ്ങളാണ് ജോസഫും മേരിയവും. ക്രിസ്തു നമ്മുടെ മദ്ധ്യേ അവതരിച്ചത് ലോകത്തിന് സമാധാനം നല്കുവാനാണ്. **'ഭൂമിയിൽ ദൈവ കൃപ ലഭിച്ചവർക്ക് സമാധാനം, '** അതായത് ഭൂമിയിൽ ദൈവസ്നേഹത്തിൽ ജീവിക്കുന്നവർക്ക് സമാധാനമുണ്ടാകും... (ലൂക്കാ 2, 14), എന്നാണ് ദൈവദൂതൻ ആട്ടിടയന്മാരെ അറി യിച്ചത്. ക്രിസ്തുമസ്സിന്റെ സന്ദേശം സമാധാനമാണ്. ക്രിസ്തുവാണ് നമ്മുടെ സത്യവും യഥാർത്ഥവുമായ സമാധാനം.

അവിടുന്ന് നമ്മുടെ ഹൃദയകവാടത്തിൽ മുട്ടിവിളിക്കുന്നത് നമ്മെ സമാധാനത്തിൽ പങ്കുകാരാക്കുന്നതിനാണ്. നമ്മുടെ ഹൃദയങ്ങൾ ക്രിസ്തുവിനായി തുറക്കാം! ഈ ക്രിസ്തുമസ്സ് ഉചിതമായി കൊണ്ടാടാൻ..., ക്രൈസ്തവജീവിതത്തിന് ഇണങ്ങുന്ന വിധം ക്രിസ്തുമസ്സ് ആഘോഷിക്കുന്നതിന് മറിയത്തിന്റെയും യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥ്യം യാചിക്കാം. അങ്ങനെ ദൈവം നമ്മോടുകൂടെയായ ദിവ്യരക്ഷകനെ നമ്മുടെ കുടുംബങ്ങളിലും ജീവിതങ്ങളിലും വരവേല്ക്കാം! മറന്നു പോകരുത്, ഈ ക്രിസ്തുമസ്സിൽ നമ്മിലേയ്ക്ക് വരുന്ന ക്രിസ്തു നമ്മുടെ കുടുംബങ്ങളുടെയും ഹൃദയങ്ങളുടെയും വാതില്ക്കൽ മുട്ടി, കടന്നുപോകാൻ ഇടയാകരുത്. അവിടുത്തെ സ്വീകരിക്കാം, വരവേല്ക്കാം. സന്തോഷത്തോടും സാഹോദര്യത്തോടുംകൂടെ നമ്മുടെ ഹൃദയങ്ങൾ ക്രിസ്തുവിനായി തുറന്നുകൊടുക്കാം

# വിശുദ്ധ മൊഹാൾഡ്

**(അഞ്ചാം നൂറ്റാണ്ട്)**




അയർലാന്റിലെ ഏറ്റവും വലിയ വിശുദ്ധനും ആ രാജ്യത്തിന്റെ അപ്പസ്തോലനുമായി അറിയപ്പെടുന്ന വിശുദ്ധ പാട്രിക് ക്രിസ്തു മതത്തിലേക്കു കൈപിടിച്ചു കൊണ്ടുവന്ന ഒരു കൊള്ളക്കാരനായിരുന്നു മൊഹാൾഡ്. പാട്രിക് അയർലാന്റിലെത്തുന്ന സമയത്ത് അവിടെ അടിമവേലയും മന്ത്രവാദവും വ്യാപകമായിരുന്നു. പുരാതന മതങ്ങളിൽ വിശ്വസിച്ചിരുന്നവരായിരുന്നു മുഴുവൻ ജനങ്ങളും. തന്റെ അദ്ഭുത പ്രവർത്തനങ്ങളിലൂടെയാണ് പാട്രിക് ഈ ജനത്തെ മുഴുവൻ ക്രിസ്തുവിന്റെ അനുയായികളാക്കി മാറ്റിയത്.

മൊഹാൾഡ് ഒരു ഗോത്രരാജാവിന്റെ മകനായിരുന്നു. മന്ത്രവാദവും നരഹത്യയും ദൈവത്തിനുള്ള കാഴ്ചകളായി കണ്ടിരുന്ന മൊഹാൾഡ് പാവപ്പെട്ടവരെ കൊള്ളയടിച്ചും പീഡിപ്പിച്ചുമാണ് ജീവിതം ആഘോഷിച്ചിരുന്നത്. ഒട്ടേറെ അദ്ഭുത പ്രവർത്തികൾ ചെയ്തിട്ടുള്ള വിശുദ്ധ പാട്രിക് 39 പേരെ മരണശേഷം ഉയർത്തേഴുന്നേൽപ്പിച്ചതായി വിശ്വസിക്കപ്പെടുന്നു. പാട്രിക് ചെയ്യുന്നതും ഒരു മന്ത്രവാദമാണെന്നും അത് താൻ പൊളിച്ചു കൊടുക്കുമെന്നും മൊഹാൾഡ് തന്റെ സുഹൃത്തുക്കളോടു പറഞ്ഞു. അവർ ഒരു പദ്ധതി തയ്യാറാക്കി. ഒരാളെ മരിച്ചവനെ പോലെ കിടത്തി. ശവസംസ്കാരസമയത്ത് നടത്തുന്ന ആചാങ്ങൾ ആരംഭിച്ചു. മൊഹാൾഡും കൂട്ടുകാരും പോയി വിശുദ്ധ പാട്രിക്കിനെ വിളിച്ചുകൊണ്ടുവന്നു.

'ഞങ്ങളുടെ സുഹൃത്ത് മരിച്ചു പോയി. അങ്ങയുടെ അദ്ഭുതപ്രവൃത്തികൊണ്ട് ഇവനെ ഉയർപ്പിക്കണം'പാട്രിക് അവിടെയെത്തി മരിച്ചവനെ പോലെ കിടക്കുന്ന മന്ത്രവാദിയെ നോക്കി പറഞ്ഞു, 'ശരിയാണ്, ഇവൻ മരിച്ചുപോയി' പാട്രിക് തിരിച്ചുപോയി. മൊഹാൾഡും കൂട്ടുകാരും അദ്ദേഹത്തെ പരിഹസിച്ചു ചിരിച്ചു. അവിടെ കൂടിയിരുന്നരോട് അവർ വിളിച്ചു പറഞ്ഞു, 'നോക്കുക, ഒരാൾ മരിച്ചവനാണോ ജീവിച്ചിരിക്കുന്നവനാണോ എന്നു പോലും തിരിച്ചറിയാൻ കഴിവില്ലാത്ത ഈ മനുഷ്യനെയാണോ നിങ്ങൾ അദ്ഭുതപ്രവർത്തകൻ എന്നു വിളിക്കുന്നത്'. ആഘോഷങ്ങൾ തുടങ്ങി. എന്നാൽ, മരിച്ചവനെ പോലെ കിടന്നിരുന്നയാൾ അപ്പോഴും എഴുന്നേറ്റില്ല. മൊഹാൾഡും സുഹൃത്തുക്കളും ചെന്ന് അവനെ വിളിച്ചു. 'നമ്മൾ ജയിച്ചിരിക്കുന്നു. ആ തട്ടിപ്പുകാരനെ നമ്മൾ പരിഹാസ്യനാക്കി'.

എന്നാൽ, അവർ തങ്ങളുടെ കൂട്ടുകാരനെ ഉണർത്താൻ ശ്രമിച്ചെങ്കിലും അവൻ എഴുന്നേറ്റില്ല. അയാൾ യഥാർത്ഥത്തിൽ മരിച്ചുപോയിരുന്നു. അതോടെ ചിരി നിന്നു. ആഘോഷങ്ങൾ

7




## 96) എന്തുകൊണ്ടാണ് യേശുവിനെപോലെയുള്ള സമാധാനത്തിന്റെ മനുഷ്യനെ കുരിശുമരണത്തിന് വിധിച്ചത് ?

**യേശു തന്റെ സമകാലീകരോട് നിർണായകമായ ഒരു ചോദ്യം ഉന്നയിച്ചു. ഒന്നുകിൽ അവിടന്ന് ദൈവീകമായ അധികാരത്തോടെ പ്രവർത്തിക്കുന്നു. അല്ലെങ്കിൽ ഒരു കപടവേഷധാരിയും ദൈവദൂഷകനും നിയമലംഘകനും മറുപടി പറയാൻ വിളിക്കപ്പെട്ടവനുമാണ്.**

യേശു പലവിധത്തിലും തന്റെ കാലഘട്ടത്തിലെ പരമ്പരാഗത യഹൂദമതത്തിന് അഭൂതപൂർവമായ വെല്ലുവിളിയായിരുന്നു. അവിടന്ന് പാപങ്ങൾ ക്ഷമിച്ചു. ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണത്. സാബത്തുനിയമം സോപാധികമല്ലാത്തതുപോലെ പെരുമാറി. ദൈവദൂഷകനാണെന്നു സംശയിക്കപ്പെട്ടു. കള്ളപ്രവാചകനാണെന്ന കുറ്റാരോപണത്തിനു സ്വയം വിധേയനായി. ഇവയെല്ലാം നിയമത്തിൻ കീഴിൽ മരണശിക്ഷയർഹിക്കുന്ന കുറ്റങ്ങളായിരുന്നു.

## വിശുദ്ധരുടെ ജീവിതങ്ങൾ. . . തുടർച്ച

അവസാനിച്ചു. മൊഹാൾഡ് തന്റെ തെറ്റ് തിരിച്ചറിഞ്ഞു. ഭയചകിതരായി അവർ പാട്രിക്കിന്റെ അടുത്തെത്തി മാപ്പു പറഞ്ഞു. അഞ്ചു ദിവസം കഴിഞ്ഞ് ആ മൃതദേഹത്തിരികിലെത്തി പാട്രിക് അവനെ ഉയർത്തെഴുന്നേൽപ്പിച്ചു. പാട്രിക് മൊഹാൾഡിനോട് പറഞ്ഞു, 'നീയാണിവരുടെ നേതാവ്. നിന്റെ നേതൃത്വപാടവം നീ അവരുടെ നന്മയ്ക്കുവേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു'. മൊഹാൾഡ് പറഞ്ഞു, 'ഇനി അങ്ങ് പറയുന്നതുപോലെ ഞാൻ ജീവിക്കാം,

പാട്രിക് മൊഹാൾഡിനെ അയർലന്റിലെ ഒരു ദ്വീപിലേക്ക് അയച്ചു. അവിടെയുണ്ടായിരുന്ന രണ്ടു ബിഷപ്പുമാർക്കൊപ്പം അദ്ദേഹം പ്രേഷിതപ്രവർത്തനം ചെയ്തു. കാലക്രമേണ ബിഷപ്പ് പദവി വരെ മൊഹാൾഡിനു നല്കപ്പെട്ടു. എത്ര വലിയ പാപിയാണെങ്കിലും ദൈവത്തിലേക്ക് തിരികെ വരാനാകുമെന്ന് മൊഹാൾഡിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**പ്രാർത്ഥന:**

എന്റെ ദൈവമായ കർത്താവേ... പാപിയായ ഞാൻ അങ്ങിൽ ശരണം തേടുന്നു. അങ്ങയുടെ കാരുണ്യത്തിനായി ഞാൻ കേഴുന്നു. എന്റെ മനസ്സും ശരീരവും പാപങ്ങളാൽ അശുദ്ധമായിരിക്കുന്നു. എന്റെ ചിന്തകളും വാക്കുകളും തെറ്റിപോകുന്നു. എന്റെ ദൈവമേ...എന്നെ സംരക്ഷിക്കണമേ. ഞാൻ എന്റെ മുറിവുകൾ അങ്ങയുടെ മുന്നിൽ സമർപ്പിക്കുന്നു. ആമേൻ.

## ഹൃദിസ്ഥമാക്കാൻ ഒരു വചനം

**ഒരാൾക്കു മറ്റൊരാളോടു പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ചു സഹിഷ്ണുതയോടെ വർത്തിക്കുവിൻ. കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെതന്നെ നിങ്ങളും ക്ഷമിക്കണം**

കൊളോ 3:13

ബെന്നി പുന്നത്തറ

# 'വൈറ്റ് ഹൗസ് ' സ്വന്തമാക്കുന്നതെങ്ങനെ?

അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതി 'വൈറ്റ് ഹൗസ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇന്ത്യൻ രാഷ്ട്രപതിഭവൻ, ബക്കിംഗ്ഹാം പാലസ് എന്നിവയെപ്പോലെ വലിപ്പമുള്ള ഒന്നല്ല വൈറ്റ് ഹൗസ്. പക്ഷേ, ലോകത്തിലെ ഏറ്റവും ശക്തനായ ഭരണാധികാരിയുടെ ഔദ്യോഗിക വസതി എന്ന നിലയിൽ അത് ഏറെ ശ്രദ്ധേയമാണ്. 1816 മുതലാണ് ഈ കെട്ടിടം വൈറ്റ് ഹൗസ് എന്ന പേരിലറിയപ്പെട്ടു തുടങ്ങിയത്. അതിന്റെ പിന്നിലൊരു കഥയുണ്ട്.


ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും അമേരിക്കൻ ഐക്യനാടുകൾ സ്വതന്ത്രമായെങ്കിലും ഫ്രാൻസുമായി വ്യാപാരം നടത്തുന്ന അമേരിക്കൻ കപ്പലുകളെ ബ്രിട്ടീഷ് നാവിക സൈന്യം തടയുക പതിവായി. കൂടാതെ റെഡ് ഇന്ത്യൻ ഗോത്രങ്ങൾക്ക് ബ്രിട്ടീഷ് സൈന്യം ആയുധങ്ങൾ നല്കി യു.എസിനെതിരെ അണിനിരത്തി. യു.എസിന്റെ പരമാധികാരത്തിനെതിരെയുള്ള കടന്നുകയറ്റമായി അവർ അതിനെ കണക്കാക്കി. ഇതവസാനിപ്പിക്കുവാനായി 1812ൽ നടത്തിയ യുദ്ധത്തിനിടയിൽ ബ്രിട്ടീഷ് സൈന്യം വാഷിംഗ്ടൻ നഗരത്തിൽ ഒരു റെയ്ഡ് നടത്തി. റെയ്ഡിനിടയിൽ അവർ പ്രസിഡന്റിന്റെ വസതിക്ക് തീയിട്ടു. അന്നത്തെ പ്രസിഡന്റായിരുന്ന ജയിംസ് മാഡിസൺ വസതി ഉപേക്ഷിച്ച് ഓടി രക്ഷപെടേണ്ടിവന്നു. എങ്കിലും, പിന്നീട് അദ്ദേഹം യുദ്ധത്തിൽ ജയിച്ച് മടങ്ങിയെത്തി തന്റെ വസതിയുടെ കേടുപാടുകൾ തീർത്തു. കരിയും പുകയും പിടിച്ച് ഭിത്തികളെല്ലാം ഇരുണ്ടുപോയിരുന്നു. അതിനാൽ കെട്ടിടം മുഴുവനും അദ്ദേഹം വെള്ളപൂശി വൃത്തിയാക്കി. തീപിടുത്തത്തിൽ കറുത്തിരുണ്ടു പോയ കെട്ടിടം വെളുത്ത പെയിന്റടിച്ച് ഭംഗിയാക്കിയപ്പോൾ ആളുകൾ അതിനെ 'വൈറ്റ് ഹൗസ്' എന്നു വിളിക്കാനാരംഭിച്ചു. ക്രമേണ അത് പ്രസിഡന്റിന്റെ വസതിയുടെ ഔദ്യോഗിക നാമമായി.

എല്ലാം പുതുതായി ആരംഭിക്കുവാൻ തക്കവിധം ഒരു പുതുവർഷം നമുക്ക് ലഭിക്കുകയാണ്. പോയ വർഷത്തിലെ തെറ്റുകളും കുറ്റങ്ങളും തിന്മയുടെ ആക്രമണങ്ങളുംമൂലം ജീവിതത്തിന്റെ ശോഭ നഷ്ടപ്പെട്ട അവസ്ഥയുണ്ടാകാം. ദുരിതങ്ങളും ദുരന്തങ്ങളും ജീവിതത്തെ ചിലപ്പോൾ വികൃതമാക്കിയിട്ടുണ്ടാകാം. എന്നാൽ, ദൈവത്തിന് നമ്മുടെ ജീവിതത്തെ പുതുക്കിപ്പണിയാനാകും. അവിടുത്തേക്ക് വിട്ടുകൊടുക്കുക മാത്രം ചെയ്താൽ മതി. യേശുവിന്റെ രക്തത്തിന് നമ്മുടെ പാപത്തിന്റെ കറകളെല്ലാം കഴുകിക്കളയാനാകും. നമ്മുടെ പാപങ്ങളോർത്ത് ആത്മാർത്ഥമായി അനുതപിക്കുവാനും യേശുവിനെ നാഥനും കർത്താവുമായി ഏറ്റുപറയുവാനും തയാറാകുമ്പോൾ കർത്താവ് നമ്മുടെ ഉള്ളിൽ വന്ന് വസിച്ച് സകലതും പുതുതാക്കും. സർവശക്തനായ ദൈവം വസിക്കുന്ന 'വൈറ്റ് ഹൗസായി' നമ്മുടെ ജീവിതങ്ങൾ രൂപാന്തരപ്പെടും.

കർത്താവേ, കഴിഞ്ഞ വർഷത്തിന്റെ വേദനകളും യാതനകളും ഞാനങ്ങേക്ക് സമർപ്പിക്കുന്നു. ചെയ്തുപോയ എല്ലാ തെറ്റുകളോർത്തും ഞാൻ അനുതപിക്കുന്നു. പാപങ്ങൾ ക്ഷമിച്ച് എന്നെ അനുഗ്രഹിക്കണമേ. അവിടുത്തെ ആത്മാവിനാൽ ഞാൻ വീണ്ടും നവീകരിക്കപ്പെടട്ടെ. പാപപങ്കിലമായ എന്റെ ജീവിതം അങ്ങയുടെ തിരുരക്തത്താൽ വിശുദ്ധീകരിക്കപ്പെടട്ടെ. ആമ്മേൻ.

## തിരുവചനയത്ര
### ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

ദൈവവചനം ജീവദായകമാണ്. അതു മനുഷ്യന്റെ പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാണ് (സങ്കീ.119:105).ദൈവം കാണിച്ചുതരുന്ന പാതയിൽ ചരിക്കുന്നവൻ, അവിടുത്തെ ഹിതമനുസരിച്ചു വ്യാപരിക്കുന്നവൻ, ജീവന്റെ മാർഗത്തിലാണ്. 'ഇതാ ഇന്നു ഞാൻ നിന്റെ മുന്നിൽ ജീവനും നൻമയും മരണവും തിൻമയും വച്ചിരിക്കുന്നു.' (നിയ 30:15). തിരഞ്ഞെടുപ്പു നടത്താതെ ആർക്കും ഒഴിഞ്ഞുമാറാനാവില്ല. **ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവും ആണ്. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ് ( ഹെബ്രാ 4,12).**



Starting time 31.12.14 - 2 pm onwards
Location- Room number 419, 4th Floor, A Block
Al Naser Plaza Bulding,
**beside Oud Mehtha Metro station.**
For more details
Sibi-050 9180121, Liju 055 8939059,
Jojeesh -055 6370222

## കൃതജ്ഞതാ ദിവ്യബലി

തിരുവചനയാത്രയുടെ സമാപനത്തോടനുബന്ധിച്ച് നന്ദിയർപ്പിച്ചുകൊണ്ടുള്ള പ്രത്യേക ദിവ്യബലി 2015 ജനുവരി 4ന് ഞായറാഴ്ച വൈകുന്നേരം 8 മണിക്ക് മിനിഹാളിൽ വെച്ച് ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും പങ്കുകൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

## വി. സെബസ്ത്യാനോസിന്റെ തിരുന്നാൾ

ദുബായിലെ മലയാളി കമ്മ്യൂണിറ്റി വി. സെബസ്ത്യാനോസിന്റെ തിരുന്നാൾ 2015 ജനുവരി 16ന് വെള്ളിയാഴ്ച ആഘോഷിക്കുന്നു. ഗേൾസ് സ്കൂൾ ഗ്രൗണ്ടിൽ രാവിലെ 11:30 ന് ആഘോഷമായ പാട്ടുകുർബ്ബാനയും ലദീഞ്ഞും പ്രദക്ഷിണവും നേർച്ച വിതരണവും ഉണ്ടായിരിക്കുന്നതാണ്



**തൂലികയുടെ എല്ലാ വായനക്കാർക്കും അനുഗ്രഹപ്രദമായ ഒരു പുതുവർഷം ആശംസിക്കുന്നു**

## ആശംസകൾ

ജന്മദിനമാഘോഷിക്കുന്ന അലൻ ബാബു (ഡിസംബർ27), മരിയ ജോൺസൺ, മാത്യു ജോൺ എൻ (28), ജിബിൻ എം.ബി. (30), ജോമോൻ തോമസ്, ജസ്റ്റിൻ ജേക്കബ്ബ്, മാക് ലോയ്ഡ് എമ്മാനുവേൽ, ടോണി അക്കര (31), ബിജിത ലിജോ, മനു അബ്രഹാം, സജു പുന്നൂസ്, ഷിബു പി.ജോസ്, ജിൻസൺ വർഗ്ഗീസ് (ജനുവരി 1), സിറിൾ തോമസ് (2), ലിൻസ ലോറൻസ്, റെന്നി കെ.ജെ. (4), ജോഷി ജോസഫ്, ഡെന്നീസ് ഡേവീസ് (5), ഷാബിൻ ജോസ്, റാണി (6), ജിപിൻ ജോർജ്ജ് (7), ഷാജി ജോസഫ്, ആന്റണി കെ.ഒ. (8) എന്നിവർക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേർന്നുകൊള്ളുന്നു.

## പാരിഷ് ഫെസ്റ്റ് 2015

പാരീഷ് ഫെസ്റ്റ് 2015 ജനുവരി 8, 9 തിയതികളിൽ നടത്തപ്പെടുന്നു. ജീസ്സസ് യൂത്ത് നടത്തുന്ന ഗെയിമുകളിലേക്കും കൗണ്ടറുകളിലേക്കും വളണ്ടിയർമാരാകുവാൻ താത്പര്യപ്പെടുന്നു. ആഗ്രഹമുള്ളവർ നിഖിൽ 055 7854397, റെമിൻ 055 3023581, ഷാഫി 055 2857170 എന്നിവരുമായി ബന്ധപ്പെടുക

## ഇ-മെയിൽ

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെ ക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് **dubaijy@gmail.com** എന്നതിലേക്ക് അയക്കുക.

## ഓൺലൈൻ ക്വിസ്സ് (ബീറ്റാ)

തൂലികയുടെ വെബ്സൈറ്റിൽ ഓൺലൈൻ ക്വിസ്സ് പ്രോഗ്രാം പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാണ്. രജിസ്ട്രേഷൻ വളരെ എളുപ്പത്തിൽ നടത്തി ക്വിസ്സിൽ പങ്കെടുക്കാം.

## തൂലിക ഓൺലൈനിൽ

തൂലികയുടെ പതിപ്പുകൾ ഓൺലൈനിൽ ലഭ്യമാണ്. പി.ഡി.എഫ്. കോപ്പി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഓരോ ആഴ്ചയും തൂലിക പുറത്തിറങ്ങുമ്പോൾ നിങ്ങളുടെ ഈ മെയിലിൽ ലിങ്ക് ലഭിക്കുവാൻ പേരും ഇമെയിലും വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക.

## പ്രത്യേക അറിയിപ്പ്

പാരിഷ് ഫെസ്റ്റ് നടക്കുന്നതുകൊണ്ട് ജനുവരി 9നും, വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുന്നാളായതിനാൽ ജനുവരി 16 നും ജീസസ്സ് യൂത്തിന്റെ കൂട്ടായ്മ ആ ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതല്ല.

English Mass Timings
**St. Mary's Church, Dubai**

**Friday**: 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday**: 6:00 am, 6:45 am, 9:00 am, 12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday**: 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu)**: 6:00 am, 6:45 am, 12 noon & 7:00 pm

## ജീസസ്സ് യൂത്ത് – ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) – രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6–ൽ).
- **മധ്യസ്ഥപ്രാർത്ഥന**: എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4–ൽ).
- **നൈറ്റ് വിജിൽ** – മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** – മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- **JY English**: 7:00 മുതൽ 9:00 (Saturdays)

# ജീസസ്സ് യൂത്ത് ഫാമിലി

- **J.Y. ഹോം. റാഷിദിയ**
  ഡാൽട്ടൺ & സ്മിന 055 4523032
- **അൽ നാഹ്ദ സോണൽ**
  സെബാസ്റ്റ്യൻ & ലിജിയ 050–3986934

## ദിവ്യബലി സമയം – മലയാളം

സെന്റ് മേരീസ് ദേവാലയം – ദുബൈ

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
- ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
- നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
- **മലങ്കര റീത്തിൽ**: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

### കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** – ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** – വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4 –ൽ)

## സോണൽ കൂട്ടായ്മകൾ

- **കരാമ** – ജോർജ്ജ് (050–8872480)
- **ബർദുബായ്** – ബോബൻ (055–2179148)
- **ലുലു വില്ലേജ്** – അരുൺ (052–7308025)
- **അൽ നാഹ്ദ** – ഷെറിൻ (052–7509024)
- **ഖിസൈസ്** – ടോളി ആന്റണി (055 5507213)
- **സോനാപൂർ** – പ്രവീൺ (055–3604834)
- **അൽഖൂസ് (1)** – ജോസ് (055–7412601)
- ***അൽഖൂസ് (2)*** – *ആൻസൺ (055–1448536)*
- ***അൽഖൂസ് (3)*** – *ഷിനോ (055–1742790)*
- ***അൽഖൂസ് (4)*** – *സോണി (056–9334565)*
- ***അൽഖൂസ് (5)*** – *ജോസ് (055–7412601)*
- **മുത്തീന** – ബിനോജ് ജോസഫ് (050–2538130)
- **അൽ ബറാഹ** – ടോജോ (055–8585125)
- **സത്‌വാ** – നിതിൻ (052–9160682)
- **ഹോർഅൽആൻസ്** – വിൻസൺ(055–4250709)
- **ഇന്റർനാഷണൽ സിറ്റി** – ഷിബിൻ (055–4673383)
- **സിലിക്കോൺ ഒയാസീസ്** – ജോമി (055–4673383)

***for private circulation (within the church compound) only***

***Thoolika*** *- Weekly newsletter of Dubai Jesus Youth.*
***Published by****: Vipin Raphael (050-1631622) for Literature & Media Ministry of Jesus Youth, Dubai*
***Patron****: Rev. Fr. Seraphin OFM Cap.* ***Animator****: Shaji Joseph*
***Editor****: Antijoy Olattupurath (050-9634017)* ***Cover****: Liju Chandy*
***E-mail****: thoolikaa@gmail.com* ***Web:*** http://thoolikaa.org & http://thoolikaa.net



"If Jesus is to become
the centre of our life,
we need to spend time
in his presence,
before the Tabernacle."

- POPE FRANCIS -

TWITTER @PONTIFEX

Jesus Youth
DUBAI

FOR PRIVATE CIRCULATION (WITHIN THE CHURCH COMPUND) ONLY